1. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖാന്തരം മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾക്കും ഹൃദയസംബന്ധമായ അസുഖങ്ങൾക്കുമുള്ള ശസ്ത്രക്രിയകൾ നടത്തുന്നു.
2. സർക്കാർ ആശുപത്രികൾ മുഖാന്തരം ചെയ്യാൻ സാധിക്കാത്ത ഹൃദയ സംബന്ധമായതും മസ്തിഷ്ക സംബന്ധമായതും സർക്കാർ ആശുപത്രികളിൽ നിന്ന് ഈ കാരണത്താൽ റഫർ ചെയ്യുന്നതുമായ അസുഖങ്ങൾക്കുള്ള ചികിത്സ കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വഴിയും നൽകുന്നു.

ആരോഗ്യകിരണം പദ്ധതി പ്രകാരം പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സയും നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി സൗജന്യമാണ്. ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങൾക്ക് ചികിത്സാ തുകയ്ക്ക് പരിധിയില്ല ആരോഗ്യകിരണം പദ്ധതിയിലും ചികിത്സാ ചെലവുകൾക്ക് പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല.

ആയുർവ്വേദ-യോഗ-പ്രകൃതി ചികിത്സാരംഗം

59 (2333) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ-യോഗ-പ്രകൃതി ചികിത്സാ രംഗത്തെ വളർച്ചയുടെ പ്രാമുഖ്യം പരിഗണിച്ച്, ടി ചികിത്സാരംഗത്തിന്റെ വളർച്ചയ്ക്കും പ്രചാരത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ-യോഗ-പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ, വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാല് ഗ്രാമപഞ്ചായത്തുകൾ ഒഴിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലും സർക്കാർ എൻ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. എല്ലാ ജില്ലാ ആയുർവ്വേദ ആശുപത്രികളിലും യോഗ/പ്രകൃതി ചികിത്സാ വിഭാഗത്തിനായി പ്രത്യേകം യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷന്റെ കീഴിൽ പതിനാല് യോഗ വെൽനെസ്സ് കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യോഗപ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശിപാർശ പരിഗണനയിലില്ല.

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ആയുഷ് മെഡിക്കൽ ആഫീസർമാർ മുഖാന്തരം നൽകിവരുന്നു.

കുന്ദംകുളം ഗവ.താലൂക്കാശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ

60 (2334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം ഗവ. താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും, നഴ്സുമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്ദംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിനിൽ കൺസൾട്ടന്റിന്റെ ഒരൊഴിവും ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) ഒരൊഴിവും നിലിവിലുണ്ട്. സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ജൂനിയർ കൺസൾട്ടന്റിന് പ്രൊമോഷൻ നൽകി കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ജനറൽ കേഡറിലെ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ

61 (2335) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly